പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2479 14/12/2015-ൽ മറുപടിക്ക്

## യോഗ്യതയില്ലാതെ ചികിൽസ നടത്തുന്നവർ

**ചോദ്യം**
ശ്രീ. കെ.എൻ.എ.ഖാദർ

**മറുപടി**
ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ ആക്ടിലെ വകുപ്പുകളിലെ പഴുതുകൾ ഉപയോഗിച്ച് യോഗ്യതയില്ലാത്തവർ ചികിൽസ നടത്തുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | മതിയായ യോഗ്യതയില്ലാത്തവർ ചികിൽസ നടത്തുന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുണ്ടായിരുന്ന ഏതെങ്കിലും കേസിൽ എക്സ്-പാർട്ടി വിധിയുണ്ടായിട്ടുണ്ടോ ; എങ്കിൽ എത് കേസിലാണെന്നറിയിക്കുമോ ; ഇങ്ങനെയൊരു വിധിയുണ്ടാവാൻ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) | എക്സ്-പാർട്ടി വിധിയുണ്ടായിട്ടില്ല ; |
| (സി) | മതിയായ യോഗ്യതയില്ലാത്ത എത്ര പേർ രജിസ്ട്രേഷനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് ; | (സി) | മതിയായ യോഗ്യതയില്ലാത്ത നിരവധി പേർ കാലാകാലങ്ങളിലായി രജിസ്ട്രേഷനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . കൃത്യമായ എണ്ണം കണക്കാക്കിയിട്ടില്ല. എല്ലാ അപേക്ഷകളും നിരസിച്ച് തീർപ്പാക്കിയിട്ടുണ്ട്. |
| (ഡി) | ആൾ കേരള അൺ ക്വാളിഫൈഡ് മോഡേൺ മെഡിക്കൽ പ്രാക്ടീഷണേഴ്സ് അസോസിയേഷൻ (എ.കെ.യു.എം.എം.പി.എ) എന്ന പേരിൽ ഒരു സംഘടന പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സംഘടനയുടെ പ്രവർത്തനോദ്ദേശ്യം എന്താണെന്ന് അറിയുമോ ; | (ഡി) | ശ്രദ്ധയിൽ പെട്ടിട്ടില്ല |
| (ഇ) | യോഗ്യതയില്ലാതെ ചികിൽസ നടത്തുന്നവരെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ഇ) | അനധികൃത ചികിൽസാ കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യാനും വിവരം മെഡിക്കൽ കൗൺസിലറെ അറിയിക്കാനും ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.മതിയായ യോഗ്യതയില്ലാതെ ചികിൽസ നടത്തുന്നവരെക്കുറിച്ച് ലഭിക്കുന്ന പരാതികൾ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് പോലീസിന് കൈമാറി വരുന്നു. |

സെക്ഷൻ ഓഫീസർ